"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തസ്വഭവ - LID&EW - ജീവനക്കാര്യം - തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ ശ്രീ. സന്ദീപ് .കെ . ജി -യുടെ ചീഫ് എഞ്ചിനീയർ തസ്തികയിലെ പ്രൊബേഷൻ തൃപ്തികരമായി പൂർത്തീകരിച്ചതായി പ്രഖ്യാപിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയംഭരണ (ഇഡബ്ല്യുബി) വകുപ്പ്**

സ.ഉ.(സാധാ) നം.2527/2023/LSGD — തീയതി,തിരുവനന്തപുരം, 19-12-2023

പരാമർശം:-
1. സ.ഉ (സാധാ)നം.599/2021/തസ്വഭവ തീയതി:26.02.2021
2. തദ്ദേശ സ്വയം ഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 10.08.2023 തീയതിയിലെ E1/3577/22/CE/LSGD നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് സൂപ്രണ്ടിങ് എഞ്ചിനീയർ ആയിരുന്ന ശ്രീ. സന്ദീപ് .കെ.ജി. -യ്ക്ക് പരാമർശ(1) ഉത്തരവ് പ്രകാരം ചീഫ് എഞ്ചിനീയർ ആയി സ്ഥാനക്കയറ്റം ലഭിക്കുകയും 01.03.2021 പൂർവാഹ്നത്തിൽ ടി തസ്തികയിൽ ജോലിയിൽ പ്രവേശിക്കുകയും ചെയ്തു. ടിയാന്റെ ചീഫ് എഞ്ചിനീയർ തസ്തികയിലെ പ്രൊബേഷൻ തൃപ്തികരമായി പൂർത്തീകരിച്ചതായി പ്രഖ്യാപിക്കുന്നതിനായി പരാമർശം (2) പ്രകാരം അപേക്ഷ സമർപ്പിച്ചിരുന്നു.

ടിയാൻ പ്രൊബേഷൻ കാലയളവിൽ പ്രൊബേഷനെ ബാധിക്കുന്ന അവധികളൊന്നും എടുത്തിട്ടില്ല എന്ന് അക്കൗണ്ടന്റ് ജനറലും കൂടാതെ ടിയാന്റെ ജോലിയും സ്വഭാവവും തൃപ്തികരമാണെന്ന് പ്രിൻസിപ്പൽ ഡയറക്ടറും സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തദ്ദേശ സ്വയംഭരണ വകുപ്പ്ചീഫ് എഞ്ചിനീയർ ശ്രീ. സന്ദീപ് .കെ . ജി-യുടെ ചീഫ് എഞ്ചിനീയർ തസ്തികയിലെ പ്രൊബേഷൻ കെ.എസ് & എസ് .എസ് .ആർ ഭാഗം II ചട്ടം 20(ബി) പ്രകാരം 01.09.2021 പൂർവാഹ്നത്തിൽ തൃപ്തികരമായി പൂർത്തീകരിച്ചതായി പ്രഖ്യാപിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ബിജുക്കുട്ടൻ എം എസ്
അഡിഷണൽ സെക്രട്ടറി

പകർപ്പ് :

1. പ്രിൻസിപ്പൽ ഡയറക്ടർ,തദ്ദേശ സ്വയം ഭരണ വകുപ്പ് ,തിരുവനന്തപുരം.
2. ചീഫ് എഞ്ചിനീയർ ,തദ്ദേശ സ്വയം ഭരണ വകുപ്പ്,തിരുവനന്തപുരം.
3. അക്കൗണ്ടന്റ് ജനറൽ (എ&ഇ /ഓഡിറ്റ് )തൃശ്ശൂർ.
4. ശ്രീ.സന്ദീപ് .കെ . ജി, ചീഫ് എഞ്ചിനീയർ (തദ്ദേശ സ്വയം ഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖേന).
5. എക്സിക്യൂട്ടീവ് ഡയറക്ടർ,ഇൻഫർമേഷൻ കേരള മിഷൻ,തിരുവനന്തപുരം.
6. വെബ് &ന്യൂ മീഡിയ ,വിവര പൊതുജന സമ്പർക്ക വകുപ്പ്.
7. കരുതൽ ഫയൽ/ഓഫീസ് കോപ്പി (EWB1/174/2023-LSGD).

ഉത്തരവിൻ പ്രകാരം

Signed by
Keerthi I.p
Date: 20-12-2023 11:19:10
സെക്ഷൻ ഓഫീസർ